ഭരണഭാഷ-മാതൃഭാഷ

നം: ബി6-35877/2017.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം.
തീയതി: 13/01/2020.

# സർക്കുലർ

വിഷയം:- ജലസേചനം-ജീവനക്കാര്യം- ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ റേഷ്യോ പ്രമോഷൻ അനുവദിക്കുന്നത്- സംബന്ധിച്ച്.

സൂചന: - 1) 11.01.2019, 04.09.2019 തീയതികളിലെ ഇതേ നമ്പർ സർക്കുലർ.
2) 01.06.2006 ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ബി6/11069/06.

സൂചന (2) ലെ ഈ കാര്യാലയത്തിലെ ഉത്തരവ് പ്രകാരം ജലസേചനവകുപ്പിൽ 21.05.1986 വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചിരുന്നു. തുടർന്ന് ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിക്കുന്നതിലേക്കായി സൂചന (1) ലെ തീയതികളിലെ സർക്കുലർ പ്രകാരം നിലവിലുള്ള ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ സേവനവിവരങ്ങളും 01.03.1992 തീയതിക്ക് ശേഷം വകുപ്പിനു കീഴിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ വിവരങ്ങളും ശേഖരിച്ചു ക്രോഡീകരിക്കുന്നതിലേക്കായി എല്ലാ ചീഫ് എഞ്ചിനീയർമാർക്കും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1, കോഴിക്കോട്, പ്രോജക്ട് സർക്കിൾ, കണ്ണൂർ, ശിരുവാണി പ്രോജക്ട് സർക്കിളിന്റെ ഡിവിഷൻ ഓഫീസുകൾ, മെക്കാനിക്കൽ വിഭാഗം എന്നീ കാര്യാലയങ്ങളിൽ നിന്നും നാളിതുവരെ ആയി വിവരങ്ങൾ ലഭ്യമായിട്ടില്ല.

ജലസേചനവകുപ്പിനു കീഴിൽ ദീർഘമായ കാലയളവിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ചിട്ടില്ലാത്ത കാര്യാലയങ്ങളിൽ നിന്നും ടി വിവരങ്ങൾ എത്രയും പെട്ടെന്ന് ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്.

ടി വിഷയം ത്വരിത ഗതിയിൽ പൂർത്തീകരിക്കേണ്ടതുള്ളതിനാൽ സൂചന (1) പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ മടക്കതപാലിൽ ഈയാഴ്ച തന്നെ നിശ്ചയമായും ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ജലസേചനം

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും, സൂപ്രണ്ടിംഗ് എഞ്ചനീയർമാർക്കും നൽകുന്നു. (ജലസേചന വകുപ്പ് വെബ്സൈറ്റ് മുഖേന)